**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 439** **08-08-2023 - ൽ മറുപടിയ്ക്ക്**

**ലഹരി മാഫിയകളുടെ പ്രവർത്തനം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തു വർധിച്ചുവരുന്ന ലഹരിമാഫിയയുടെ പ്രവർത്തനം തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി മാഫിയയുടെ പ്രവർത്തനം തടയാൻ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. അതിനായി ഫീൽഡുതലത്തിൽ റെയ്ഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾറൂം, സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ, ആകസ്മിക കോമ്പിംഗ് ഓപ്പറേഷനുകൾ, ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ, ക്രൈം ബ്രാഞ്ച് യൂണിറ്റുകൾ, മൂന്ന് മേഖലാ സ്ക്വാഡുകൾ, ഒരു സംസ്ഥാന എൻഫോഴ്സ്മെന്റ് സ്ക്വാഡ്, അതിർത്തി റോഡുകളിൽ വാഹന പരിശോധന ശക്തിപ്പെടുത്തുന്നതിന് KEMU (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്), രഹസ്യവിവരങ്ങൾ ശേഖരിക്കുന്നതിന് എക്സൈസ് ഇന്റലിജന്റ്സ് ആന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ യൂണിറ്റുകൾ, ലഹരി വസ്തുക്കളുമായി പിടിയിലാകുന്നവരിൽ നിന്നും ലഹരി വസ്തുക്കളുടെ ഉറവിടം കണ്ടെത്തുന്നതിനും മുൻ കേസ് വിവരങ്ങൾ ശേഖരിക്കുന്നതിനും സൈബർ സെൽ യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ച് വരുന്നു. കൂടാതെ പോലീസ്, ആർ.പി.എഫ്, ഭക്ഷ്യസുരക്ഷാവകുപ്പ്, ഡ്രഗ്സ് കൺട്രോൾ, ആരോഗ്യം, വനം, റവന്യൂ തുടങ്ങിയ ഏജൻസികളുമായി ചേർന്ന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തി വരുന്നുണ്ട്.<br><br>മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റവാളികളുടെ ഹിസ്റ്ററി ഷീറ്റുകൾ തയ്യാറാക്കി നിരീക്ഷിക്കുകയും, അവർ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടാതിരിക്കാൻ PIT NDPS Act 1985 പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികളും, എൻ.ഡി.പി.എസ്. |

| | | | |
|---|---|---|---|
| | | | കേസുകളിൽ 10 വർഷത്തിൽ കൂടുതൽ ശിക്ഷ നൽകാവുന്ന കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന കുറ്റവാളികളുടെ സ്വത്തുക്കൾ കണ്ടുകെട്ടുവാനുള്ള നിയമ നടപടികളും, മയക്കുമരുന്ന് കേസിൽ ശിക്ഷ ലഭിച്ചിട്ടുള്ള ഒരാൾക്കെതിരെ സമാന സ്വഭാവത്തിലുള്ള മറ്റൊരു കേസിൽ കുറ്റപത്രം സമർപ്പിക്കുന്ന സമയത്ത് എൻ.ഡി.പി.എസ്. ആക്റ്റ് സെക്ഷൻ 31 കൂടി ഉൾപ്പെടുത്തി അധിക ശിക്ഷ ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. എല്ലാ ഫീൽഡ് ഓഫീസുകൾക്കും ആയുധങ്ങളും (പിസ്റ്റൾ/ റിവോൾവർ) അവ സുരക്ഷിതമായി ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനവും നൽകിയിട്ടുള്ളതാണ് . ഇത് കൂടാതെ സ്കൂൾ, കോളേജ് പരിസരങ്ങളിലും മറ്റും ലഹരി ഉപയോഗിക്കുന്നതു കണ്ടെത്തുന്നതിനായി Abon Kit ഉപയോഗിച്ചുള്ള പരിശോധന നടത്തി വരുന്നു. |
| (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ലഹരി മാഫിയയുടെ പ്രവർത്തനം വർധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ലഹരി മാഫിയയുടെ പ്രവർത്തനം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സ്കൂൾ വിദ്യാർത്ഥികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗം മുൻകാലങ്ങളെ അപേക്ഷിച്ച് കൂടുന്നതായി കാണുന്നുണ്ട്. ഇത് തടയുന്നതിനായി വിദ്യാലയങ്ങളിലും വിദ്യാലയ പരിസരങ്ങളിലും എക്സൈസ് വകുപ്പ് ശക്തമായ പരിശോധനകൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ